# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റിംഗ് സൊസൈറ്റി,

## കേരള

കോട്ടയം

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**01/10/2018-31/03/2019**

ബ്ലോക്ക്: പാമ്പാടി

ഗ്രാമപഞ്ചായത്ത്: മീനടം

വാർഡ് :2 തകിടി

# ഉള്ളടക്കം


1. ആമുഖം

2. സോഷ്യൽ ഓഡിറ്റിന് വിധേയമാ ക്കിയ പ്രവർത്തികൾ

3. 7 രജിസ്റ്ററുകൾ

4. ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ

5.ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ

6.അവകാശ നിഷേധങ്ങൾ

# ആമുഖം

ഗ്രാമീണ് ജനതയുടെ ഉന്നമനത്തിനായി സ്വതന്ത്രഭാരതത്തിൽ ആവിഷ്കരിച്ച ഏറ്റവും സുപ്രധാനവും ശക്തവുമായ ആയ നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. ഇന്ത്യയിലെ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ചു നിലനിർത്തുന്നതിനായി ഇന്ത്യൻ പാർലമെൻറ് അംഗീകരിച്ച പ്രസിഡൻറ് ഒപ്പുവച്ച് 2005 സെപ്റ്റംബർ മാസം അഞ്ചാം തീയതി മുതൽ ഈ നിയമം നിലവിൽ വന്നു. പാർലമെൻറ് പാസാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൻറെ പ്രാഥമിക ലക്ഷ്യം ഒരു ഗ്രാമീണ കുടുംബത്തിന് നിയമം വഴി ഒരു സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുക എന്നതാണ്. ഗ്രാമീണ ജനതയുടെ ഉന്നമനത്തിനും മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പാക്കുന്നതിന് അതിലൂടെ ദാരിദ്രം നിർമാർജനവും സുസ്ഥിര വികസനവും ആണ് ഈ നിയമം. ഒരു ഗവൺമെൻറ് പദ്ധതിയുടെ നടത്തിപ്പിലൂടെ ഉണ്ടായ സാമൂഹ്യ നേട്ടവും പ്രശസ്തിയും എത്രമാത്രമാണെന്ന് പൊതുസമൂഹം നേരിട്ട് നടത്തുന്ന അന്വേഷണവും കണക്കെടുപ്പും പരിശോധനയും വിലയിരുത്തലും ആണ് സോഷ്യൽ ഓഡിറ്റ്. പൊതു സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും പൊതു പദ്ധതികളുടെ നടത്തിപ്പും ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്ന വിധത്തിൽ നടപ്പാക്കുന്നതിനും പൊതുഭരണം ജന സൗഹാർദ്ദപരമായി ആകുന്നതിനു വേണ്ടിയുള്ള ജാഗ്രതയാണ് സോഷ്യൽ ഓഡിറ്റ് മറ്റു പദ്ധതികളിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റ് ആണ്. തൊഴിലുറപ്പ് നിയമത്തിൻറെ 17(2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും ആറുമാസത്തിലൊരിക്കൽ ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടതാണ് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് 31.01. 2017 നിലവിൽ വന്നു.

മീനടം പഞ്ചായത്ത് വാർഡ് രണ്ടിൽ 01/ 10 / 2018 മുതൽ 31/0 3/ 2019 വരെ പൂർത്തീകരിച്ച പ്രവർത്തികളാണ് സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കിയിട്ടുള്ളത്.

| സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കിയ പ്രവർത്തികൾ | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചെലവായ തുക |
| 1 | പടിഞ്ഞാറേ വീട്ടിൽ കടവ് നീർത്തടം തരിശുഭൂമി കൃഷി യോഗ്യമാക്കൽ LD/233519 | 21-06-2018 | 21-08-2019 | 341580 | 138325 |
| 2 | കുഴിയാത്തു പടി -ഒരപ്പാനിൽ റോഡ് കോൺക്രീറ്റിംഗ് RC/277970 | 1-10-2018 | 31-12-2018 | 340000 | 283910 |
| 3 | പടിഞ്ഞാറേ വീട്ടിൽ കടവ് നിർത്തടം മഴക്കുഴി നിർമ്മാണം WC/308583 | 16-10-2018 | 1-08-2019 | 442615 | 554129 (വത്യാസം =111514) |
| 4. | പടിഞ്ഞാറേ വീട്ടിൽ കടവ് നിർത്തടം ഫാം പോണ്ട് നിർമ്മാണം WC/311778 | 29-11-2018 | 19-03-2019 | 376600 | 314025 |
| 5 | ഫലവൃക്ഷ തൈ നട്ടുപിടിപ്പിക്കൽ DP/170648(ഓൺ ഗോയിങ് ) | 15-11-18 | - | 465181 | - |

# 7 രജിസ്റ്ററുകൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 പ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

1. തൊഴിൽ കാർഡിനുള്ള ഉള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ

2. ടെൻഡർ കോണ്ട്രാക്റ്റ് രജിസ്റ്റർ.

3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ( വർക്ക് രജിസ്റ്റർ)

4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ. (മെറ്റീരിയൽ രജിസ്റ്റർ)

5. സ്ഥിരആസ്തികളുടെ രജിസ്റ്റർ

6. പരാതി രജിസ്റ്റർ

7. ഗ്രാമസഭ രജിസ്റ്റർ

# പഞ്ചായത്തുകളിലെ 7 രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ കാര്യങ്ങൾ.

1. തൊഴിൽ കാർഡിനുള്ള  കുടുംബ അപേക്ഷയുടെ രജിസ്റ്റർ.

* സെക്രട്ടറി സർട്ടിഫൈ ചെയ്ത കവർപേജ് അല്ലായിരുന്നു *തൊഴിൽ കാർഡിനെ പറ്റിയുള്ള വിവരങ്ങൾ ശരിയായ  രീതിയിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്

2.ടെൻഡർ കോണ്ട്രാക്റ്റ് രജിസ്റ്റർ

*സെക്രട്ടറി സർട്ടിഫൈ ചെയ്ത കവർപേജ് അല്ലായിരുന്നു *ടെൻഡർ കോണ്ട്രാക്റ്റ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്

3. വർക്ക് രജിസ്റ്റർ

*വിശദമായ വർക്ക് രജിസ്റ്റർ കണ്ടു

*   പേജ് കവർ പേജ് ഉണ്ട് ,എന്നാൽ മേലധികാരിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല .

4.മെറ്റീരിയൽ രജിസ്റ്റർ

*വിവരങ്ങളെല്ലാം  കൃത്യമായി പ്രിൻറ് എടുത്തുസൂക്ഷിച്ചിട്ടുണ്ട്.

* പഞ്ചായത്ത്  സെക്രട്ടറിയുടെ  സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.

**5.സ്ഥിര ആസ്തികളുടെ  രജിസ്റ്റർ**

*** മേലധികാരിയുടെ സാക്ഷ്യപ്പെടുത്തലുകൾ കണ്ടു**

***വാർഡുകളിലെ സൈറ്റുകളും  ചെയ്തിരിക്കുന്ന  വർക്കുകളും രേഖപ്പെടുത്തിയിട്ടുണ്ട്.**

**6. പരാതി രജിസ്റ്റർ**

***പരാതികളൊന്നും ഒന്നും തന്നെ  രജിസ്റ്റർ ചെയ്തിട്ടില്ല.**

**7.ഗ്രാമസഭാ രജിസ്റ്റർ**

*** ഗ്രാമസഭ  രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ**

**രേഖപ്പെടുത്തിയിരുന്നു . ഗ്രാമസഭയിൽ പങ്കെടുത്ത തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നു.**

# ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ

1. കവർപേജ്

എ എം സി കവർപേജ്

പരിശോധിച്ച ഫയലുകളിൽ നിന്നും കാണാൻ സാധിച്ചില്ല.

2. ചെക്ക് ലിസ്റ്റ്

ഒരു ഒരു പ്രവർത്തി ഫയലിൽ ക്രമപ്രകാരം ഏതൊക്കെ രേഖകൾ എവിടെ ഏത് പേജ് മുതൽ സൂക്ഷിക്കുന്നു എന്ന മനസ്സിലാക്കുവാനുള്ള ഉള്ള ആധികാരിക രേഖയാണ് ചെക്ക് ലിസ്റ്റ് പരിശോധിച്ച് ഫയലുകളിൽ ഒന്നിലും ചെക്ക് ലിസ്റ്റ് കാണാൻ സാധിച്ചില്ല.

3. ആക്ഷൻ പ്ലാൻ കോപ്പി

പരിശോധിച്ചഒരു ഫയലിലും ഫയലുകളിലും ഈ പ്രവർത്തി പഞ്ചായത്തിലെ നടപ്പ് വർഷത്തിലെ ആനുവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടത് ആണെന്ന് തെളിയിക്കുവാൻ ഉള്ള രേഖ കണ്ടെത്താനായില്ല.

4.എസ്റ്റിമേറ്റ്

സാധാരണ ജനങ്ങൾക്ക് മനസ്സിലാകുന്ന രീതിയിൽ ജനകീയ ഭാഷയിൽ വേണം എസ്റ്റിമേറ്റ് തയ്യാറാക്കാൻ. എന്നാൽ പരിശോധിച്ച ഒരു ഫയലിൽ പോലും ജനകീയ എസ്റ്റിമേറ്റ് കാണാൻ സാധിച്ചില്ല.

5. സാങ്കേതിക അനുമതി പത്രം

ലഭിച്ച 4 ഫയലുകളിലും സാങ്കേതിക വിദഗ്ധരുടെ അനുമതി രേഖപ്പെടുത്തിയ പത്രം കണ്ടെത്താനായില്ല. എന്നാൽ LD/233519 എന്ന പ്രവർത്തിയുടെ ഫയലിൽ നിന്നും സാങ്കേതിക അനുമതി പത്രം കണ്ടെത്തിയിട്ടുണ്ട്.

6 ഭരണാനുമതി

ഭരണാനുമതി മിക്ക ഫയലുകളിൽ നിന്നും കണ്ടെത്താനായില്ല.

7. എം ബുക്ക്

പരിശോധിച്ച ഫയലുകളിൽ നിന്നും എം ബുക്ക് കാണുവാൻ സാധിച്ചു. എന്നാൽ എം ബുക്കിൽ എസ്റ്റിമേറ്റ് തുകയും യഥാർത്ഥ ചിലവും തമ്മിലെ വ്യത്യാസം രേഖപ്പെടുത്തിയിട്ടില്ല.

8.വെജ് ലിസ്റ്റ്

മിക്ക ഫയലുകളിലും വെജ് ലിസ്റ്റ് കാണുവാൻ സാധിച്ചില്ല.

9.ഫ്. ടി. ഒ

വെജ് ലിസ്റ്റ് പ്രകാരമുള്ള ഫ് ടി ഒ മിക്ക ഫയലിലും ഇല്ലായിരുന്നു.

10.സംയോജിത പദ്ധതിയുടെ വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ ഉണ്ടായിരുന്നില്ല.

11.ഡിമാൻഡ് ഫോം

അനുച്ഛേദം 3ബി പ്രകാരമുള്ള ഡിമാൻഡ് ഫോം ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

12.വർക്ക് അലോക്കേഷൻ ഫോം

അനുച്ഛേദം 4പ്രകാരമുള്ള വർക്ക് അലോക്കേഷൻ ഫോം ഉണ്ടായിരുന്നില്ല.

13.ഇ മാസ്റ്റർ റോൾ

ബി ഡി ഒ, പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ ഒപ്പും സീലും മാസ്റ്റർ റോളിൽ ഉണ്ടായിരുന്നു. എന്നാൽ എം ബുക്ക് നമ്പർ പേജ് നമ്പർ എന്നിവ ഇല്ലായിരുന്നു.

14. പ്രവർത്തനവുംമായി ബന്ധപ്പെട്ട ഫോട്ടോ ഫയലുകളിൽ കാണാൻ സാധിച്ചില്ല.

15. മൂവ്മെൻറ് സ്ലിപ്പ് ഫയലുകളിൽ കാണാൻ സാധിച്ചില്ല.

16. പ്രവർത്തി പൂർത്തീകരിച്ചതിൻറെ സാക്ഷ്യപത്രം ഫയലുകളിൽ കാണാൻ സാധിച്ചില്ല.

17.ജിയോടാഗ് ഫോട്ടോ

പരിശോധിച്ച ഒരു ഫയലിലും ഫോട്ടോകൾ കാണപെട്ടില്ല.

18.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൻ്റെ പകർപ്പുകൾ ഒന്നും തന്നെ ഫയലിൽ കാണപെട്ടില്ല.

**ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ**

1. പടിഞ്ഞാറെ വീട്ടിൽ കടവ് നീർത്തടം തരിശുഭൂമി കൃഷിയോഗ്യമാക്കാൽ(LD/233519)

ഈ പദ്ധതി പ്രകാരം 498 തൊഴിൽദിനങ്ങളാണ് ആകെ ഉണ്ടായിരുന്നത്.ഇതു പ്രകാരം മൊത്തം തുക 138325 ആണ്. ഈ പദ്ധതിയുടെ സൈറ്റുകൾ സന്ദർശിച്ചപ്പോൾ ഒരുഭുമി വിളവെടുപ്പ് കഴിഞ്ഞ് തരിശുഭൂമി ആയി തന്നെ നിലനിക്കുന്നതായി കാണപ്പെട്ടു എന്നാൽ രണ്ടു ഭൂമിയിൽ

ഭാഗികമായി കൃഷി നടക്കുന്നുവെങ്കിലും കാലാവസ്ഥ വ്യതിയാനം മൂലം കാടുകയറിയ നിലയിലായിരുന്ന. ദീപ പൊന്നപ്പൻ എന്ന ഭൂവുടമയുടെ സ്ഥലം സന്ദർശിച്ചപ്പോൾ വളരെ നല്ലരീതിയിൽ തന്നെ കൃഷി ചെയ്യൂന്നതായി കാണപ്പെട്ടു.

2.കുഴിയാത്ത് ഒരപ്പാനിൽപടി റോഡ് (RC/277970)

റോഡ് നല്ലരീതിയിൽ കോൺക്രീറ്റിംഗ് നടത്തിയിട്ടുണ്ട് യാത്ര യോഗ്യമാണ്.ഈ പ്രവർത്തനം നാടിന്റെ വികസനത്തിനൊരു മാതൃകയായി കാണപ്പെട്ടു.

3. പടിഞ്ഞാറേ വീട്ടിൽ കടവ് നീർത്തടം മഴക്കുഴി നിർമ്മാണം(wC/308583)

ആകെ 1651 തൊഴിൽ ദിനങ്ങൾ ഉണ്ടായിരുന്ന ഈ പ്രവർത്തിയുടെ സ്ഥലങ്ങൾ സന്ദർശിച്ചപ്പോൾ മൊത്തം 961 മഴക്കുഴികൾ കാണപ്പെട്ടു. രണ്ടു ഭൂവുടമകൾ മഴക്കുഴയിൽ വളപ്രയോഗവും, കൃഷിയും നടത്തിയിരുന്നു ബാക്കി സൈറ്റുകളിലെ മഴക്കുഴികൾ കാടുകയറിയ നിലയിലാണ് കാണപ്പെട്ടത്. കുഴികളുടെ സൈഡ് ഇടിഞ്ഞ നിലയിലും നീളവും വീതിയും ആഴവും കുറവായതായും കാണപ്പെട്ടു.

4. പടിഞ്ഞാറേ വീട്ടിൽ കടവ് നീർത്തടം ഫാം പോണ്ട് നിർമ്മാണം (WC/311778)

ഈ പദ്ധതിപ്രകാരം 1131 തൊഴിൽ ദിനങ്ങൾ ഉണ്ടായിരുന്നു. മൊത്തം ചിലവായ തുക 314025 ആയിരുന്നു. ഈ പദ്ധതി പ്രകാരം രണ്ടുതരത്തിലാണ് ആണ് ഫാം പോണ്ട് കാണപ്പെട്ടത് വേസ്റ്റ് കുഴികളും മീൻ കുളങ്ങളും ആയി. മൊത്തം 9 ഘട്ടങ്ങളായാണ് ഈ പ്രവർത്തി പൂർത്തീകരിച്ചത് .ഇതിൽ

ആകെ 9 ഉപഭോക്താക്കൾ ഉണ്ടായിരുന്നു. ആകെ 4 മീൻ കുളങ്ങളും 7വേസ്റ്റ് കുഴികളും കാണാൻ സാധിച്ചു. ഇതിൽ 3 മീൻകുളങ്ങൾ നല്ലരീതിയിൽ ഉപയോഗിക്കുണ്ട്. എന്നാൽ ഒന്നിൽ വലിയ പാറയുള്ളതിനാൽ ഉപയോഗശൂന്യമായി കാണാപ്പെട്ടു. 4 വേസ്റ്റ് കുഴികൾ ഉപയോഗിക്കുന്നതായും. 3 വേസ്റ്റ് കുഴികൾ ഉപയോഗിക്കാതെ കാടുമൂടി കിടക്കുന്ന നിലയിലും കാണപ്പെട്ടു .

5.ഫലവൃക്ഷ തൈ നട്ടുപിടിപ്പിക്കൽ

ഓൺ ഗോയിങ് വർക്കാണിത് റോഡിന്റെ ഇരുവശങ്ങളിലും കാടുവെട്ടിത്തെളിച്ച ശേഷം വൃക്ഷതൈകൾ നട്ടുപിടിപികുന്നു.

**അവകാശ നിഷേധങ്ങൾ**

തൊഴിൽ വേതനം 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുന്നില്ല എന്നത് മാത്രമാണ് ഇവിടുത്തെ തൊഴിലാളികളുടെ പരാതി.

**നിരീക്ഷണങ്ങളും കണ്ടെത്തലുകളും**

പ്രവർത്തി സ്ഥലങ്ങളിൽ CIB ബോർഡ് സ്ഥാപിക്കാൻ കാലതാമസം വരുന്നതായി കണ്ടെത്തി. മഴക്കുഴികളുടെ നീളവും വീതിയും ആഴവും പലകുഴികൾക്കും വ്യത്യസ്തമായിരുന്നു. തുടർപ്രവർത്തങ്ങളിൽ പോലും വേണ്ടത്ര ആഴം കാണാൻ സാധിച്ചില്ല. ഫാം പൊണ്ടുകളുടെ നിർമ്മാണത്തിൽ ഏർപ്പെട്ട തൊഴിലാളികൾ പ്രത്യേകം അഭിനദനം അർഹിക്കുന്നു. പുരുഷന്മാർക്ക് തുല്യമായ പ്രവർത്തനം അവർ നടത്തി.

**നിർദ്ദേശങ്ങൾ**

തൊഴിലാളികളുടെ നിർദേശങ്ങൾ

1.തുടർച്ചയായി മഴക്കുഴികൾ കുത്തുന്നത് ഭൂവുടമകൾക്കു ആവിശ്യമില്ല .

2.പാവങ്ങളുടെ കയ്യാലകൾ നിർമ്മിച്ചു നൽകണം.

3.കൃഷികൾ വളരെ കുറവാണ്. തരിശുഭൂമി കൃഷിയോഗ്യമാകുന്ന പ്രവർത്തങ്ങൾക്കാണ് ഭൂവുടമകൾക്കു താത്പര്യം.

4.വ്യത്യസ്തമായ പണികൾ നൽകിയാൽ മാത്രമേ നാടിന് അത് പ്രയോജനത്തിൽ വരൂ.

**കണ്ടെത്തലുകൾ**

**ധാരാളം കൃഷിയിടങ്ങളും ജലസേചന മാർഗ്ഗ ങ്ങളും ഉള്ള പ്രദേശം ആയതിനാൽ നിലവിലുള്ളതിലും കൂടുതൽ തൊഴിലുറപ്പ് ജോലികൾക്കു സാധ്യത ഉണ്ട്. തോടുകളുടെ നവീകരണം, കയ്യാല നിർമ്മാണം എന്നിവക്കു സാധ്യത കൂടുതലാണ്.**

**നിരീക്ഷണം**

1. പടിഞ്ഞാറേ വീട്ടിൽ കടവ് നീർത്തടം മഴക്കുഴി നിർമ്മാണം പദ്ധതിയിൽ എസ്റ്റിമേറ്റ് തുകയേക്കാൾ കൂടുതൽ തുക 12 ഘട്ടങ്ങളായി ചെലവഴിച്ചതായി കണ്ടെത്തി Rs.111514 വത്യാസമാണ് കാണപ്പെട്ടത്. എം ബുക്കിൽ 3 ഘട്ടങ്ങൾ മാത്രമേ രേഖപെടുത്തിട്ടുള്ളു.